# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5664 28-03-2018 ൽ മറുപടിക്ക്

## മുൻ സർക്കാരിന്റെ കാലത്തെ മന്ത്രിസഭായോഗ തീരുമാനങ്ങൾ

| ചോദ്യം<br>ശ്രീ.ഐ.സി ബാലകൃഷ്ണൻ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് 01-01-2016 മുതൽ 30-04-2016 വരെ എടുത്തിട്ടുള്ള 910 മന്ത്രിസഭായോഗ തീരുമാനങ്ങൾക്ക് അനുസൃതമായി പുറപ്പെടുവിച്ച ഉത്തരവുകൾ പരിശോധിച്ച മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ട് എന്നാണ് സർക്കാരിന് ലഭിച്ചത്; | (എ) കഴിഞ്ഞ മന്ത്രിസഭയുടെ അവസാന കാലത്തെ മന്ത്രിസഭായോഗ തീരുമാനങ്ങൾ പരിശോധിച്ച മന്ത്രിസഭാ ഉപസമിതി 18-01-2017 ന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. |
| (ബി) പ്രസ്തുത റിപ്പോർട്ട് മന്ത്രിസഭ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ എത്ര ഉത്തരവുകളാണ് നിയമവിരുദ്ധമായി കണ്ടെത്തിയത്;<br><br>(സി) നിയമ വിരുദ്ധമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) & (സി) 14-03-2017-ന് ചേർന്ന മന്ത്രിസഭായോഗം പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ട്. മന്ത്രിസഭാ ഉപസമിതി വ്യക്തമായ ശിപാർശ സമർപ്പിച്ചിരുന്ന 115 തീരുമാനങ്ങളിൽ ചിലത് റദ്ദ് ചെയ്യുന്നതിനും ചിലത് പുന പരിശോധിക്കുന്നതിനും മറ്റു ചിലത് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ